**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2068** **06.10.2016 -ൽ മറുപടിക്ക്**

## <u>പേരൂർച്ചാൽ പാലം നിർമ്മാണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) റാന്നി നിയോജക മണ്ഡലത്തിൽ പമ്പാനദിക്കു കുറുകേ നിർമ്മിക്കുന്ന പേരൂർച്ചാൽ പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഈ പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാകുമെന്നു വ്യക്തമാക്കുമോ; | (എ) പാലത്തിന്റെ 1-ാമത്തെ പിയർ ലൊക്കേഷൻ ഒഴികെയുള്ളതിന്റെ ഫൗണ്ടേഷനും സബ് സ്ട്രക്ച്ചറും പൂർത്തിയായിട്ടുണ്ട്. സൂപ്പർ സ്ട്രക്ച്ചറിന്റെ പണികൾ നടന്നു കൊണ്ടിരിക്കുന്നു. 1 -ാമത്തെ പിയർ ലൊക്കേഷന്റെ ഫൗണ്ടേഷൻ സബ്സ്ട്രക്ച്ചർ, സൂപ്പർ സ്ട്രക്ച്ചർ എന്നീ പണികൾ പൂർത്തിയാക്കാനുണ്ട്. 08.01.2017 ന് മുമ്പ് പാലം നിർമ്മാണ പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പാലം നിർമ്മാണത്തിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നു വിശദമാക്കുമോ; | (ബി) മോശമായ കാലാവസ്ഥ മൂലവും മണിയാർ ഡാം തുറക്കുമ്പോഴുള്ള വെള്ളപ്പൊക്കം കാരണവും നിർമ്മാണത്തിന് തടസ്സം നേരിട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ പണികൾ പുരോഗമിക്കുന്നു. |
| (സി) പാലം നിർമ്മാണം എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ എത്ര രൂപയാണ് പാലത്തിനായി വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; പാലത്തിന്റെ അളവുകൾ വിശദമാക്കുമോ? | (സി) 07.08.2012 ലാണ് ആരംഭിച്ചത്. 6 കോടി രൂപയ്ക്കാണ് സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളത്. ടി പാലത്തിന് 159.60 മീറ്റർ നീളവും 11.05 മീറ്റർ വീതിയുമാണുള്ളത്. |

**സെക്ഷൻ ഓഫീസർ**